**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 341** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>പോലീസിലെ ഗുണ്ടാ-മാഫിയ ബന്ധത്തിലെ അന്വേഷണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പഴകുളം മധു

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** പോലീസ് ഉദ്യോഗസ്ഥരും ഗുണ്ടാ-ലഹരി മാഫിയകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ആരോപണങ്ങളിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അത്തരത്തിലുള്ള എത്ര കേസുകൾ ഈ സർക്കാർ നിലവിൽ വന്ന ശേഷം എടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** ഇല്ല.

**(ബി)** കുറ്റക്കാരായ ഉദ്യോഗസ്ഥരെ പ്രധാന തസ്തികകളിൽ നിന്ന് നീക്കം ചെയ്യുന്നതിനും വിജിലൻസ് ക്ലിയറൻസ് ഉള്ളവരെ മാത്രം ആ സ്ഥാനങ്ങളിലേക്ക് പരിഗണിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യകതമാക്കാമോ;

**<u>മറുപടി:</u>** ബാധകമല്ല.

**(സി)** പോലീസ് സേനയുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും കസ്റ്റഡി മർദ്ദനം പോലുള്ളവ ഒഴിവാക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികളെ കുറിച്ച് വിശദമാക്കാമോ?

**<u>മറുപടി:</u>** പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും ലോക്കപ്പ് മർദ്ദനം ഉൾപ്പെടെയുള്ള കസ്റ്റഡി പീഡനങ്ങൾ പൂർണമായും ഒഴിവാക്കുന്നതിനുമായി സംസ്ഥാന സർക്കാരും പോലീസ് വകുപ്പും സുപ്രീം കോടതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിപുലമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുപ്രീം കോടതിയുടെ Paramvir Singh Saini കേസിലെ നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സമഗ്ര CCTV നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്റ്റേഷനുകളുടെ പ്രവേശന കവാടങ്ങൾ, ലോക്കപ്പുകൾ, ഡ്യൂട്ടി ഓഫീസറുടെ മുറി, ചോദ്യം ചെയ്യൽ മുറികൾ, വരാന്തകൾ തുടങ്ങിയ എല്ലാ പ്രധാന ഭാഗങ്ങളും ഉയർന്ന റെസല്യൂഷനുള്ളതും രാത്രികാല ദൃശ്യങ്ങൾ പകർത്താനും ഓഡിയോ റെക്കോർഡിംഗ് നടത്താനും കഴിയുന്നതുമായ ക്യാമറകളുടെ നിരീക്ഷണത്തിലാണ്. ഈ ദൃശ്യങ്ങൾ കുറഞ്ഞത് ഒരു വർഷക്കാലം സൂക്ഷിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. ജില്ലാ പോലീസ് ആസ്ഥാനങ്ങളിലും സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിലും ഈ ദൃശ്യങ്ങൾ തത്സമയം നിരീക്ഷിക്കാൻ സാധിക്കുന്നതോടൊപ്പം, ഈ സംവിധാനം സുപ്രീം കോടതിയുടെ പ്രത്യേക പ്രശംസയും നേടിയിട്ടുണ്ട്.

പ്രതികളെ ചോദ്യം ചെയ്യുന്ന നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി ആധുനിക ഇന്ററോഗേഷൻ മുറികൾ (e-Rooms/Modern Interrogation Rooms) സ്ഥാപിച്ചിട്ടുണ്ട്. ഇത്തരം

മുറികളിൽ നടക്കുന്ന ചോദ്യം ചെയ്യലുകൾ വീഡിയോ, ഓഡിയോ സംവിധാനങ്ങളിലൂടെ രേഖപ്പെടുത്തുകയും മേൽനോട്ട ഉദ്യോഗസ്ഥർക്ക് വിദൂരമായി നിരീക്ഷിക്കാനും സൗകര്യമൊരുക്കിയിട്ടുണ്ട്. രേഖപ്പെടുത്തിയ ദൃശ്യങ്ങൾ മാറ്റം വരുത്താൻ കഴിയാത്ത (Tamper-proof) രീതിയിൽ സംസ്ഥാന, ജില്ലാ തല മാനേജ്മെന്റ് കമ്മിറ്റികളുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ സൂക്ഷിച്ചുവരുന്നു.

പോലീസ് പ്രവർത്തനങ്ങളിൽ അത്യാധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗവും വ്യാപകമാക്കിയിട്ടുണ്ട്. ക്രമസമാധാന പാലനത്തിലും കുറ്റാന്വേഷണത്തിലും ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കായി ബോഡി വോൺ ക്യാമറകൾ വ്യാപിപ്പിച്ചു വരികയാണ്. ഇത് പോലീസിന്റെ പ്രവർത്തനങ്ങളും പെരുമാറ്റവും കൂടുതൽ സുതാര്യമാക്കാൻ സഹായകമാണ്. കൂടാതെ, പോലീസ് സ്റ്റേഷനുകളിലെ ജനറൽ ഡയറിയും എഫ്.ഐ.ആർ രേഖപ്പെടുത്തലും തത്സമയം ഓൺലൈൻ സംവിധാനമായ തുണ പോർട്ടൽ (CCTNS) മുഖേന നടത്തുന്നതിനാൽ പിന്നീട് തീയതിയിലോ സമയത്തിലോ മാറ്റം വരുത്തുന്നതിനുള്ള സാധ്യത ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

കസ്റ്റഡിയിലെടുക്കൽ, അറസ്റ്റ് എന്നിവ സംബന്ധിച്ച എല്ലാ നടപടികളിലും സുപ്രീം കോടതി നിർദ്ദേശിച്ച ഡി.കെ. ബസു (D.K. Basu) മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അറസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥൻ തിരിച്ചറിയൽ കാർഡ് ധരിക്കണം, അറസ്റ്റ് ചെയ്ത വിവരം ബന്ധുക്കളെ അറിയിക്കണം, അറസ്റ്റ് മെമ്മോ തയ്യാറാക്കണം എന്നിവ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ, കസ്റ്റഡിയിലെടുക്കുന്ന സമയത്തും മജിസ്ട്രേറ്റിന് മുമ്പാകെ ഹാജരാക്കുന്നതിന് തൊട്ടുമുമ്പും ബന്ധപ്പെട്ട വ്യക്തിയെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ശരീരത്തിലെ പരിക്കുകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ മെഡിക്കൽ റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

കസ്റ്റഡി പീഡനങ്ങൾ തടയുന്നതിനും പരാതികളിൽ ഫലപ്രദമായ ഇടപെടൽ ഉറപ്പാക്കുന്നതിനുമായി സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയും ഉൾപ്പെടെയുള്ള സ്വതന്ത്ര നിരീക്ഷണ സംവിധാനങ്ങൾ സജീവമായി പ്രവർത്തിക്കുന്നു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കസ്റ്റഡി പീഡന പരാതികളിൽ അടിയന്തരമായി ഇടപെട്ട് സ്വതന്ത്ര അന്വേഷണം നടത്തുമ്പോൾ, പോലീസുകാരുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചകളും കസ്റ്റഡി മർദ്ദന പരാതികളും അന്വേഷിക്കുന്നതിനായി സംസ്ഥാന, ജില്ലാ തലങ്ങളിൽ റിട്ടയേർഡ് ജഡ്ജിമാരുടെ നേതൃത്വത്തിൽ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികൾ പ്രവർത്തിച്ചുവരുന്നു.

പോലീസ് ഉദ്യോഗസ്ഥരുടെ പ്രൊഫഷണൽ നിലവാരം മെച്ചപ്പെടുത്തുന്നതിനും മനുഷ്യാവകാശ സൗഹൃദ സമീപനം ഉറപ്പാക്കുന്നതിനുമായി പ്രത്യേക പരിശീലന പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്. പ്രതികളെ മർദ്ദിച്ച് കുറ്റസമ്മതം നേടുന്ന പഴയ രീതികൾക്ക് പകരം സൈബർ ഫോറൻസിക്, ഡി.എൻ.എ. പ്രൊഫൈലിംഗ്, ശാസ്ത്രീയ തെളിവുകൾ എന്നിവ അടിസ്ഥാനമാക്കിയുള്ള ശാസ്ത്രീയ അന്വേഷണ രീതികളിൽ പരിശീലനം നൽകിവരുന്നു. പൊതുജനങ്ങളോട് മാന്യമായും സൗഹൃദപരമായും പെരുമാറുന്നതിനും മാനസിക സമ്മർദ്ദങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുമായി പോലീസ് അക്കാദമി മുഖേന സോഫ്റ്റ് സ്കിൽ പരിശീലനവും നിർബന്ധമാക്കിയിട്ടുണ്ട്.

കസ്റ്റഡി മർദ്ദനം പോലുള്ള ഗുരുതര കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. വകുപ്പുതല അച്ചടക്ക നടപടികൾക്ക് പുറമേ, ആവശ്യമായ സാഹചര്യങ്ങളിൽ ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും ജയിൽശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

കൂടാതെ, ഗുരുതരമായ ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തുന്ന ഉദ്യോഗസ്ഥരെ സർവീസിൽ നിന്ന് പുറത്താക്കുന്നത് ഉൾപ്പെടെയുള്ള ശക്തമായ ശിക്ഷാനടപടികളും നടപ്പിലാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**